**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആയുഷ്മാൻ ഭാരത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ്മാൻ ഭാരത് പദ്ധതിയിൽ 70 വയസ്സിന് മുകളിലുള്ള വ്യക്തികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി സംസ്ഥാനത്ത് എം പാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ 70 വയസ്സിന് മുകളിലുള്ള വ്യക്തികൾക്ക് കാസ്പ് എംപാനൽഡ് ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ 'ആയുഷ്മാൻ വയവന്ദൻ' പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുകയാണ്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള സംസ്ഥാന സർക്കാരിന്റെ ഏജൻസി ഏതാണെന്നും പ്രസ്തുത ഏജൻസി മേല്പറഞ്ഞ ആശുപത്രികളുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ സംബന്ധിച്ചുള്ള വിഷയത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിനും യഥാർത്ഥ ചെലവിന് ആനുപാതികമായി പ്രീമിയം റേഷ്യോ പുതുക്കുന്നതിനും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ കത്ത് നൽകിയിരുന്നു. ഇക്കാര്യം ദേശീയ ഹെൽത്ത് ഏജൻസിയുടെയും കേന്ദ്രസർക്കാരിന്റെയും പരിഗണനയിലാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ